## പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1072 — 12.07.2016 ലെ മറുപടിയ്ക്ക്

## കുട്ടനാടൻ പാടശേഖരങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.തോമസ്ചാണ്ടി. | | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) കുട്ടനാട്ടിൽ മട വീണ എത്ര പാടശേഖരങ്ങൾക്ക് നഷ്ടപരിഹാരം നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | കുട്ടനാട് ഉൾപ്പെട്ട ആലപ്പുഴ ജില്ലയിൽ 2013-14, 2014-15, 2015-16 കാലയളവിൽ 69 പാടശേഖരങ്ങളിൽ മട പുനർനിർമ്മിച്ചതിനുള്ള ധനസഹായ വിതരണം നടത്താനുണ്ട്. പത്തനംതിട്ട ജില്ലയിൽ പാടശേഖരങ്ങൾക്ക് നഷ്ടപരിഹാരം നൽകാനില്ല. കോട്ടയം ജില്ലയിൽ 2013-14, 2014-15, 2015-16 കാലയളവിൽ 15 പാടശേഖരങ്ങൾക്ക് ആനുകൂല്യം നൽകാനുണ്ട്. |
| (ബി) മാർത്താണ്ഡം കായൽ പാടശേഖരത്തിന് മട കുത്തുന്നതിന് ചെലവായ തുക അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (ബി) | മാർത്താണ്ഡം കായൽ പാടശേഖരത്തിൽ മട പുനർനിമ്മിച്ചതിനുള്ള ധനസഹായതുകയായ 16,91,839/- രൂപ (പതിനാറുലക്ഷത്തി തൊണ്ണൂറ്റി ഒന്നായിരത്തി എണ്ണൂറ്റിമുപ്പത്തി ഒൻപത് രൂപ മാത്രം) വിതരണം നടത്തിയിട്ടുണ്ട്. |
| (സി) വീയപുരം കൃഷിഭവന് കീഴിലുള്ള വരി കയറി നശിച്ച മൂപ്പായികേരി മുട്ടുംപാടം, പൊട്ടകളക്കാട്, അച്ചനാരി പുത്തൻകേരി എന്നീ പാടശേഖരങ്ങൾക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (സി) | വരികയറി നെൽകൃഷിയ്ക്ക് നാശം സംഭവിച്ചാൽ നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം നഷ്ടപരിഹാര തുക അനുവദിക്കാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ